# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് - ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി വാങ്ങിയ ഭൂമി ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിനായി വിട്ടുകൊടുക്കുവാൻ - അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

**സ.ഉ. (സാധാ) 395/2010/ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം, 4.2.2010**

---

**പരാമർശം:** 1. അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 12.11.09 ലെ 11(8)-ാം നമ്പർ തീരുമാനം.

2. അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 4.1.2010 ലെ എ2-47/07-ാം നമ്പർ കത്ത്.

**ഉത്തരവ്**

അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിലെ 1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായുള്ള പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതിയിൽപ്പെടുത്തി ഗ്രാമ പഞ്ചായത്ത് വിലയ്ക്കു വാങ്ങിയിട്ടുള്ള അയ്യമ്പുഴ വില്ലേജ് ബ്ലോക്ക് 20 റീ-സർവ്വേ 28/1(സർവ്വേ നമ്പർ 409/2എ/4,409/2ബി)യിൽപ്പെട്ട 19 ആർ 50 ച.മീ. സ്ഥലവും അയ്യമ്പുഴ വില്ലേജ് ബ്ലോക്ക് 20 റീ-സർവ്വേ 20/3/2, 20/311, 20/9,18/3 (സർവ്വേ നമ്പർ 410/2എ1, 411/1/4,411/1-1, 410/2ബി)യിൽപ്പെട്ടതുമായ 44 ആർ സ്ഥലവും അടക്കം ആകെ 63 ആർ 50 ച.മീ. സ്ഥലത്തു നിന്നും 35 ആർ സ്ഥലം ഗ്രാമ പഞ്ചായത്തിന്റെ ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിനായി വിഭജിച്ച് നൽകുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ആയതിന് അനുമതിയ്ക്കായി പരാമർശം (2) പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകയും ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ പരാമർശം (1) ലെ തീരുമാനത്തിന്റേയും പഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം 2 ലെ അപേക്ഷയുടെയും അടിസ്ഥാനത്തിൽ 1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ പട്ടികജാതിക്കാർക്കായുള്ള പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതിയിൽപ്പെടുത്തി ഗ്രാമ പഞ്ചായത്ത് വിലയ്ക്ക്

വാങ്ങിയിട്ടുള്ള 63 ആർ 50 ച.മീ. സ്ഥലത്തു നിന്നും 35 ആർ സ്ഥലം ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിനായി അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

To

സെക്രട്ടറി,
അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത്.
ജില്ലാകളക്ടർ,എറണാകുളം
പഞ്ചായത്ത് ഡയറക്ടർ
അക്കൗണ്ട് ജനറൽ എ&ഇ/ഓഡിറ്റ്
ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ്
ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
**കരുതൽ ഫയൽ/ഓഫീസ് കോപ്പി.**

**ഉത്തരവിൻ പ്രകാരം,**

F Chidambaram

**സെക്ഷൻ ഓഫീസർ.**